# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4108      12.12.2018-ൽ മറുപടിക്ക്

## അരിയന്നൂർ ശ്രീഹരികന്യകാ ഭഗവതിക്ഷേത്രം സംരക്ഷണം

**ചോദ്യം**

ശ്രീ.മുരളി പെരുനെല്ലി

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ബഹു.തുറമുഖവും മ്യൂസിയവും

പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | മദ്ധ്യകേരളത്തിലെ മഹാക്ഷേത്രങ്ങളിൽ ഒന്നായ മണലൂർ മണ്ഡലത്തിലെ അരിയന്നൂർ ശ്രീഹരികന്യകാ ഭഗവതി ക്ഷേത്രം സംരക്ഷിത സ്മാരകമായി എന്നാണ് പ്രഖ്യാപിച്ചതെന്ന് അറിയിക്കാമോ; | (എ) | 26.10.1936-ൽ തൃശ്ശൂർ ജില്ലയിൽ തലപ്പള്ളി താലൂക്കിൽ സ്ഥിതിചെയ്യുന്ന അരിയന്നൂർ ശ്രീ. ഹരികന്യകാ ക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി) | യഥാസമയം അറ്റകുറ്റപണികൾ നടത്താതിരുന്നതുമൂലം പ്രസ്തുത ക്ഷേത്രം നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | 2006-ൽ പ്രസ്തുത ക്ഷേത്രത്തിന്റെ അറ്റകുറ്റപ്പണികൾക്കായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടായിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | ആരാധനാലയം എന്ന നിലയിലും വാസ്തുശില്പ കലയുടെ ഉദാത്ത മാതൃക എന്ന നിലയിലും ശ്രദ്ധേയമായ ഈ ക്ഷേത്രത്തിന്റെ സമഗ്രമായ സംരക്ഷണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | പുരാവസ്തു പ്രാധാന്യം സംരക്ഷിക്കുന്ന രീതിയിലുള്ള നടപടികൾ, ആവശ്യമുള്ള പക്ഷം, സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ